# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **5904**

**19.11.2019** ൽ മറുപടിക്ക്

### ബഹു.വ്യവസായ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോജി എം. ജോൺ | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) എറണാകുളം, പാറക്കടവ് വില്ലേജിൽ, മാമ്പ്രയിൽ ശ്രീ. പി.വി.ജോർജ്ജ് എന്നയാൾ എം.എൽ.എ.യുടെ കത്ത് & സഹിതം ബഹു.വ്യവസായ വകുപ്പ് മന്ത്രിക്ക് നൽകിയ അപേക്ഷ IN190700006 തപാൽ നമ്പരായി വ്യവസായ വകുപ്പ് സെക്രട്ടറിക്ക് നൽകിയതിൽ നാളിതുവരെയായി വകുപ്പ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ), (സി) (ഡി) ആലുവ താലൂക്കിൽ പാറക്കടവ് വില്ലേജിൽ ബ്ലോക്ക് - IV, റീ സർവ്വേ നം.109/3-ൽ പ്പെട്ട മാമ്പ്രകരയിൽ ശ്രീ.ജോർജ് എന്നയാളുടെ കൈവശത്തിലുള്ളതുമായ 42.50 ആർ വസ്തുവിൽ നിന്നും അനധികൃതമായി 7165 മെ.ടൺ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി മൈനിംഗ് & ജിയോളജി വകുപ്പിന്റെ എറണാകുളം ജില്ലാ ഓഫീസിൽ നിന്നും നടത്തിയ സ്ഥല പരിശോധനയിൽ കണ്ടെത്തിയതിനെ തുടർന്ന് അതിനെതിരെ 2015 ലെ കെ.എം.എം.സി ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിനായി അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയൽറ്റി, വില, പിഴ ഇനത്തിൽ ആകെ 5,40,880/- രൂപ ഒടുക്കുന്നതിന് നിർദ്ദേശം നൽകി 22.07.2017 തീയതിയിൽ നൽകിയ ഡിമാന്റ് നോട്ടീസിനെതിരെയാണ് ശ്രീ. പി.വി.ജോർജ്ജ് സർക്കാരിൽ അപേക്ഷ നൽകിയിരിക്കുന്നത്. ടിയാന്റെ അപേക്ഷ 2015 ലെ കെ.എം.എം.സി. ചട്ടങ്ങൾ പ്രകാരമുള്ള അപ്പീൽ അപേക്ഷയായി പരിഗണിച്ച് തീർപ്പാക്കുന്നതിനായി ഇതു സംബന്ധിച്ച മൈനിംഗ് & ജിയോളജി വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു.<br><br>പരാതിക്കാസ്പദമായ സ്ഥലത്ത് മൈനിംഗ് & ജിയോളജി വകുപ്പിന്റെ കേരള മിനറൽ സ്ക്വാഡ് (മധ്യമേഖല), തൃശ്ശൂർ നടത്തിയ സ്ഥലപരിശോധനയിൽ 676.4 ക്യുബിക് മീറ്റർ ചെങ്കല്ല് അനധികൃതമായി ഖനനം ചെയ്തതായി കണ്ടെത്തിയതിനെ തുടർന്ന് ടി അനധികൃത ഖനനത്തിന് 1,46,752/- രൂപ ഒടുക്കിയിട്ടുണ്ടെന്ന് ശ്രീ.പി.വി.ജോർജ്ജ് അറിയിച്ചതിനെ തുടർന്ന് ടി തുക കിഴിവ് ചെയ്ത് 3,94,128/- രൂപ ഒടുക്കുന്നതിന് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുകയാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

ഈ വിഷയത്തിൽ നീതിയുക്തമായ നടപടികൾ സ്വീകരിച്ച് അപേക്ഷ തീർപ്പാക്കുന്നതിനായി അപേക്ഷകനെയും, ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും നേരിൽ കേൾക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഒരേ കാര്യത്തിൽ വകുപ്പ് രണ്ട് തവണ പിഴ ഈടാക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒരിക്കൽ പിഴ ഈടാക്കിയതിനു ശേഷം അനധികൃത ഖനനം തുടരുകയും തുടർന്നുള്ള സ്ഥല പരിശോധനയിൽ അനധികൃത ഖനനം വീണ്ടും കണ്ടെത്തുകയും ചെയ്താൽ വീണ്ടും പിഴ ഈടാക്കേണ്ടി വരുന്ന സാഹചര്യം ഉണ്ടാകാറുണ്ട്.

(സി) ഈ വിഷയത്തിൽ ടിയാന് നീതി ലഭ്യമാക്കുന്നതിന് വേണ്ടി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച് ടിയാന്റെ പരാതി നേരിൽ കേൾക്കാനോ പരാതിക്ക് പരിഹാര നടപടികൾ സ്വീകരിക്കാനോ സാധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സെക്ഷൻ ഓഫീസർ